# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കോളേജ്, പടന്നക്കാട്

പടന്നക്കാട് (പി.ഒ), കാസറഗോഡ് ജില്ല, പിൻ-671314, കേരളം

ഫോൺ: 91 467 2282699, 91 467 2280616, E-mail: coapad@kau.in


നമ്പർ. ജി2-1483/2024 തീയ്യതി: 24.12.2024

### ദർഘാസ്/ ലേല പരസ്യം

പടന്നക്കാട് കാർഷിക കോളേജിലെ ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്-I ലെ നഴ്സറിയിൽ പാകിയ മുളക്കാത്ത തേങ്ങകൾ വിലയ്ക്ക് വാങ്ങുവാൻ ആഗ്രഹിക്കുന്നവരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ദർഘാസുകൾ ക്ഷണിച്ചു കൊള്ളുന്നു. തേങ്ങകൾ ലേലം കൊള്ളുന്നയാൾ സ്വന്തം ചെലവിൽ കാർഷിക കോളേജ് ഫാമിൽ നിന്നും കൊണ്ടുപോകേണ്ടതാണ്.

| ക്രമ നം. | ഇനം | എണ്ണം |
|---|---|---|
| 1. | മുളക്കാത്ത തേങ്ങ | 4060 (ഏകദേശം) |

താൽപര്യമുള്ള വ്യക്തികൾ ഒരു തേങ്ങയുടെ വില വെള്ളക്കടലാസിൽ എഴുതി കവറിൽ അടക്കം ചെയ്ത് ഡീൻ, കാർഷിക കോളേജ്, പടന്നക്കാട്- 671314 എന്ന വിലാസത്തിൽ അയച്ചു തരേണ്ടതാണ്.

ദർഘാസുകൾ അയക്കുന്ന കവറിന് പുറത്ത് **'പടന്നക്കാട് കാർഷിക കോളേജിലെ പാകിയ മുളക്കാത്ത തേങ്ങ ലേലത്തിലെടുക്കുന്നതിനുള്ള ദർഘാസ്'** എന്നെഴുതണം. ലേല/ദർഘാസിൽ പങ്കെടുക്കുന്നവർ 1,500/- രൂപ നിരതദ്രവ്യം കെട്ടിവയ്ക്കണം.

ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയ്യതി 14.01.2025 ന് (ചൊവ്വാഴ്ച) രാവിലെ 11 മണി വരെയാണ്. അന്നേ ദിവസം രാവിലെ 11.30 ന് ലേലം നടത്തുന്നതും അതിനു ശേഷം കിട്ടിയ ദർഘാസുകൾ ഹാജരുള്ള ദർഘാസുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ് ലേലത്തിലും ദർഘാസിലും വെച്ച് ഏതിലാണോ കൂടുതൽ തുക കിട്ടുന്നത് അത് തൃപ്തികരമെന്ന് കണ്ടാൽ ഉറപ്പിക്കുന്നതാണ്. ദർഘാസ് സമർപ്പിച്ചവർക്ക് മാത്രമേ ലേലത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ. വിജയിയായ ആൾ അപ്പോൾ തന്നെ മൂന്നിലൊരുഭാഗം തുക ഓഫീസിൽ അടയ്ക്കേണ്ടതാണ്. ബാക്കി മുഴുവൻ തുകയും ലേല തീയ്യതി മുതൽ 7 ദിവസത്തിനുള്ളിൽ അടയ്ക്കേണ്ടതും 15 ദിവസത്തിനുള്ളിൽ തേങ്ങകൾ കൊണ്ടുപോകേണ്ടതുമാണ്. അല്ലാത്തപക്ഷം പിന്നീടുള്ള ഓരോ ദിവസത്തിനും സ്റ്റോറേജ് ചാർജ്ജ് ഈടാക്കുന്നതാണ്. ഇപ്രകാരം പരമാവധി 15 ദിവസം മാത്രമേ സൂക്ഷിക്കാൻ അനുവദിക്കുകയുള്ളൂ. പ്രസ്തുത കാലാവധി കഴിഞ്ഞും നീക്കം ചെയ്യാത്ത പക്ഷം അതുവരെ അടച്ച പണം സർവ്വകലാശാലയ്ക്ക് മുതൽക്കൂട്ടുന്നതും നാളികേരം പുനർലേലം വഴി വിൽക്കുന്നതും തൻമൂലം ഉണ്ടാകുന്ന നഷ്ടം, വീഴ്ച വരുത്തിയ ലേല/ ദർഘാസുകാരനിൽ നിന്നും ഈടാക്കുന്നതുമാണ്. ഏതെങ്കിലും കാരണവശാൽ ലേല ദിവസം അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം ലേലം നടത്തുന്നതാണ്. തേങ്ങകളുടെ നിജസ്ഥിതി ദർഘാസ് സമർപ്പിക്കുന്നതിന് മുമ്പ് ഫാം സന്ദർശിച്ച് നേരിട്ട് ബോധ്യപ്പെടേണ്ടതാണ്.

-മറുപുറം-

8 copy



എല്ലാവിധ സർക്കാർ നിബന്ധനകളും ഈ ലേലത്തിനും ബാധകമാണ്. മറ്റ് വിശദവിവരങ്ങൾ ഓഫീസ് പ്രവർത്തി സമയങ്ങളിൽ അന്വേഷിച്ചറിയാവുന്നതാണ്. (0467-2281966)

ഒപ്പ്/-
**ഡോ.ടി. സജിതാ റാണി**
ഡീൻ

സ്വീകർത്താവ്:-

1. നോട്ടീസ് ബോർഡ് - കോളേജ്/ ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ് - I & II
2. വില്ലേജ് ഓഫീസ് (നീലേശ്വരം/ കാഞ്ഞങ്ങാട് സൌത്ത്)
3. നഗരസഭ (നീലേശ്വരം/ കാഞ്ഞങ്ങാട്)
4. പർച്ചേസ് കമ്മിറ്റി കൺവീനർ
5. ആർ.എ. ആർ.എസ്, പിലിക്കോട്
6. ശ്രീ. നജീബ് എം.ജെ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
7. ഡോ. സജീഷ് പി.കെ., അസിസ്റ്റന്റ് പ്രൊഫസർ & ഓഫീസർ i/c, ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്-I.
8. ശ്രീമതി. രേഖ എം, ഫാം മാനേജർ ഗ്രേഡ്-I, ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്-I
9. കോളേജ് വെബ്സൈറ്റ്
10. എ2 സെക്ഷൻ

**//അംഗീകാരത്തോടുകൂടി അയക്കുന്നത്//**

സെക്ഷൻ ഓഫീസർ